


# ഇക്കോടൂറിസം

എൻ.എം.പിയേഴ്സൺ

Respect the fraility of the earth. ഭൂമിയുടെ സൗമ്യഭാവങ്ങളെ ബഹുമാനിക്കുക, സർവ്വോപരി അതിനെ സ്നേഹിക്കുക, പാരിസ്ഥിതിക വിനോദസഞ്ചാരത്തിന്റെ ചിന്തകൾ ദാർശനികവും മൂല്യാധിഷ്ഠിതവുമായി പ്രകാശം പരത്തുമ്പോൾ ഇത്തരം ഒരു സദാചാരബോധത്തിന് പ്രാധാന്യം ലഭിക്കുന്നു. അതേസമയം ആഗോളവത്ക്കരണത്തിന്റെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും പ്രാധാന്യം ലഭിക്കുമ്പോൾ ഉപഭോക്താവിനോട് പ്രതിബദ്ധത കാട്ടുക ('commitment to the customer') എന്ന പ്രായോഗിക മുദ്രാവാക്യം പ്രിയപ്പെട്ടതാകുന്നു. പുതിയ നൂറ്റാണ്ടിന്റെ പ്രഭാതവേളയിൽ ഇത്രയേറെ ചർച്ചചെയ്യപ്പെടാൻ ഒരുങ്ങി നിൽക്കുന്ന വിഷയം ഇക്കോടൂറിസത്തെപ്പോലെ വേറെയില്ല. പ്രകൃതിയെ സ്നേഹിക്കുകയും, അതിന്റെ സംരക്ഷണം മനുഷ്യന്റെ ആവാസവ്യവസ്ഥയ്ക്ക് അനിവാര്യമാണെന്നുകരുതുകയും ചെയ്യുന്ന സങ്കൽപ്പനത്തിൽ രൂപം കൊള്ളുന്ന ഒരു ആശയമാണ് ഇക്കോടൂറിസം.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിൽക്കുമ്പോൾ മുതലാളിത്തത്തിനും, മാനവിക മൂല്യങ്ങൾക്കും ജനകീയ പ്രതിരോധങ്ങൾക്കും മാർക്സിസത്തിലും എന്തുസംഭവിക്കാനാണ് സാദ്ധ്യത എന്ന അന്വേഷണം സ്വാഭാവികം മാത്രമാണ്. അന്വേഷണത്തിൽ ലഭിക്കുന്ന ഉത്തരം ഒന്നുറപ്പാക്കുന്നു ; വിസ്മയകരമായ സമീപനങ്ങൾ കൊണ്ട് മുതലാളിത്ത ചിന്ത പ്രയോഗപരമായ വിജയങ്ങൾ നേടി അതിന്റെ യാത്ര തുടരുകയാണ്. പീഡിത ജനവിഭാഗത്തിന് പ്രതിരോധ രാഷ്ട്രീയം ഏറെ ആവശ്യമുള്ള ഒരു കാലഘട്ടമായിട്ടുകൂടി അത് നിർവ്വഹിക്കപ്പെടാതെ നിൽക്കുകയാണ്. പല കാരണങ്ങൾ കൊണ്ട് മുതലാളിത്ത എതിർചിന്തകളെ ചിറകരിഞ്ഞ് സ്വന്തമാക്കുന്ന രീതിശാസ്ത്രം പ്രയോഗിച്ചുകൊണ്ട് മുതലാളിത്തം അതിന്റെ വ്യാപനം കൂടുതൽ സുഗമമാക്കുകയാണ് അത്ഭുതകരമായ ഈ തന്ത്രത്തിന്റെ കൗശലക്കരങ്ങൾ നീണ്ടുവന്ന് നവമുതലാളിത്തം സ്വന്തമാക്കിയ ഒരു സങ്കൽപ്പനമാണ് ഇക്കോടൂറിസം.

സമകാലിക ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായി സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത് ടൂറിസത്തേയാണ്. അവരുടെ അഭിപ്രായത്തിൽ ഏറ്റവും ചലനാത്മകമായ ആഗോള വ്യവസായമാണ് ടൂറിസം. അതിൽത്തന്നെ ഏറ്റവും കൂടുതൽ വികസന സാദ്ധ്യതകൾ ഉള്ളത് ഇക്കോ ടൂറിസത്തിലാണ്.

**മനുഷ്യവിമോചക പ്രവർത്തനങ്ങളുടെയും ഹരിതരാഷ്ട്രീയത്തിന്റേയും സത്ത സ്വാംശീകരിച്ച് അവർ രൂപപ്പെടുത്തിയ ഒരു സങ്കൽപ്പമായിരുന്നു ഇക്കോ ടൂറിസം. ടൂറിസ വ്യവസായത്തിന്റെ ഇരയായി തകർന്നുപോകുന്ന പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യസാക്ഷാത്ക്കാരത്തിന്റെ പ്രതീക ചിഹ്നമായിരുന്നു അത്. എന്നാൽ വ്യവസായ ലോബികൾ സ്നേഹപൂർവ്വം അത് സ്വന്തമാക്കുകയായിരുന്നു.**

ഇക്കോടൂറിസ്റ്റ് വ്യവസായത്തിന്റെ വളർച്ച 20 ശതമാനം വരും. 1996-ൽ 423 ബില്യൺ ഡോളറാണ് ടൂറിസം വ്യവസായത്തിൽ നിന്ന് ലഭിച്ചതെങ്കിൽ 2000-ൽ 621 ബില്യൺ ഡോളറായി ഉയർന്നു. 2010-ൽ 1.5 ട്രില്യൻ ഡോളറാകുമെന്ന് സാമ്പത്തിക വിദഗ്ധർ പ്രവചിക്കുന്നു. ടൂറിസത്തിന്റെ സാമ്പത്തിക ഗണിതം അമ്പരപ്പിക്കുന്ന വികാസത്തിലേയ്ക്ക് വിരൽചൂണ്ടുകയാണ്.

## വിപണന മുദ്രാവാക്യം

പണസമ്പാദനം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ടൂറിസം മനുഷ്യന്റെ ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും സദാചാരത്തിനും ജൈവലോകത്തിനും മാരകമായ പരിക്കുകൾ സൃഷ്ടിച്ച് മുന്നേറുകയാണ്. ഇതിന്റെ ദുരന്തസാദ്ധ്യതകൾ ചൂണ്ടിക്കാട്ടി പ്രതിരോധം സൃഷ്ടിക്കുവാൻ പരിസ്ഥിതി പ്രവർത്തകരുടെ പ്രവർത്തനങ്ങൾക്ക് ചെറിയതോതിലെങ്കിലും കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ ജാഗ്രത വീഴേണ്ടിടങ്ങളിൽ അവർ സൂചനകൾ നല്കിക്കഴിഞ്ഞു. പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളും ജനകീയ പ്രക്ഷോഭങ്ങളും അതിനുള്ള സംവിധാനങ്ങളായിരുന്നു. മനുഷ്യവിമോചക പ്രവർത്തനങ്ങളുടെയും ഹരിത രാഷ്ട്രീയത്തിന്റേയും സത്ത സ്വാംശീകരിച്ച് അവർ രൂപപ്പെടുത്തിയ ഒരു സങ്കൽപ്പമായിരുന്നു ഇക്കോ ടൂറിസം. ടൂറിസ വ്യവസായത്തിന്റെ ഇരയായി തകർന്നുപോകുന്ന പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യസാക്ഷാ

ത്ക്കാരത്തിന്റെ പ്രതീക ചിഹ്നമായിരുന്നു അത്. എന്നാൽ വ്യവസായ ലോബികൾ സ്നേഹപൂർവ്വം അത് സ്വന്തമാക്കുകയായിരുന്നു. ഒരു പരികല്പന തന്നെ കൊള്ളയടിക്കപ്പെട്ട കാഴ്ചയായിരുന്നു അത്. ടൂറിസം ഡെവലപ്പേഴ്സ് ഇക്കോ ടൂറിസത്തെ ഒരു വിപണന വചനമായി മാറ്റി. ഇതിന്റെ ഫലമായി പരിസ്ഥിതി സംരക്ഷണത്തിനു പകരം ടൂറിസ്റ്റ് വ്യവസായത്തെ പ്രമോട്ട് ചെയ്യലായി ഇക്കോ ടൂറിസത്തിന്റെ ജോലി. വിനോദസഞ്ചാരത്തെ പ്രമോട്ട് ചെയ്യാൻ കണ്ടുപിടിക്കപ്പെട്ട പുതിയ ഉപകരണമായി വ്യവസായലോബിയുടെ കൈയിൽ ഇക്കോടൂറിസം ഒതുങ്ങി.

ഈ മാറ്റങ്ങളൊക്കെ 1995-ൽ തന്നെ മുൻകൂട്ടി കാണാൻ കഴിഞ്ഞ പരിസ്ഥിതി പ്രവർത്തകയാണ് ആർലൈൻ. പെറുവിയൻ മഴക്കാടുകളിലൂടെ ഇക്കോടൂറിസത്തിന്റെ വക്താവും, പ്രചാരകയുമായി സഞ്ചരിച്ചിരുന്ന സമയത്ത് അവർ പറഞ്ഞിരുന്നു ഇക്കോടൂറിസം അതിന്റെ വികാസഘട്ടത്തിലെ നിർണ്ണായക പ്രതിസന്ധികളിലൊന്നിനെ അഭിമുഖീകരിക്കുകയാണെന്ന്. പെറുവിയൻ സെൽവകളിലൂടെയുള്ള യാത്രാവേളകളിൽ കണ്ട കാഴ്ചകളാണ് അവരെ അതിനു പ്രേരിപ്പിച്ചത്. മഴക്കാടുകളിലെത്തിയ ടൂറിസ്റ്റുകൾ മനുഷ്യവിസർജ്ജ്യത്തിനൊപ്പം നീന്തുന്നതും, ടൂറിസ്റ്റുകളെ രസിപ്പിക്കുന്നതിനുവേണ്ടി തേവാങ്കിനേയും മറ്റ് അപൂർവ്വ ജീവികളേയും ഗൈഡുകൾ പിടികൂടി ടൂറിസ്റ്റുകൾക്കൊപ്പം വച്ച് പടമെടുക്കുന്നതും വിനോദസഞ്ചാരികളുടെ വേട്ടയാടലിൽ നിന്നും രക്ഷനേടാൻ ചെമ്പുലികൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൊല്ലുന്നതും കണ്ടപ്പോൾ ഇക്കോടൂറിസത്തിന്റെ പേരിൽ നടക്കാൻ പോകുന്ന വിപണനം മുൻകൂട്ടി മനസ്സിലാക്കാൻ അവർക്കുകഴിഞ്ഞു.

കാനഡയിലെ ബ്രോക്ക് യൂണിവേഴ്സിറ്റിയിലെ ഡിപ്പാർട്ടമെന്റ് ഓഫ് റിക്രിയേഷൻ ആന്റ് ലിഷർ സ്റ്റഡീസിലെ പ്രൊഫസർ ഡേവിഡ് എ. ഫെന്നൽ എഴുതിയ 'പാരിസ്ഥിതിക വിനോദസഞ്ചാരം - ഒരു മുഖവുര' എന്ന പുസ്തകം പാരിസ്ഥിതിക വിനോദസഞ്ചാരത്തിന്റെ സമകാലീന വളർച്ചയേയും അതുയർത്തുന്ന ദാർശനിക സദാചാര പ്രശ്നങ്ങളേയും പ്രമാണസ്വഭാവമുള്ള സമീപനത്തിലൂടെ അവതരിപ്പിക്കുന്നു. ഇക്കോടൂറിസം എന്ന പരികല്പന തികച്ചും പുതിയ ഒരു ചിന്താപദ്ധതിയായിട്ടുപോലും അതിനെക്കുറിച്ച് എഴുതപ്പെട്ട പല ഗ്രന്ഥങ്ങളും കണ്ടെത്തി പഠിച്ച് ഗഹനമായ നിഗമനങ്ങൾ നടത്തി രചിച്ച ഒരു പുസ്തകമാണിത്. ഇക്കോടൂറിസത്തിന്റെ അടിസ്ഥാന തത്വങ്ങളും പരികല്പനകളും പ്രശ്നങ്ങളും പക്ഷപാതരഹിതമായി അവതരിപ്പിക്കാനാണ് അദ്ദേഹത്തിന്റെ ആഗ്രഹമെങ്കിലും നിലനിൽക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായ രചന നടത്താനാണ് അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നത്.

### മെഗാ റിസോർട്ട്

ഇക്കോടൂറിസത്തെ മനസ്സിലാക്കാനും വിലയിരുത്താനും മൂന്ന് പ്രമുഖമായ കാഴ്ചപ്പാടുകൾ സ്വീകരിക്കാവുന്നതാണെന്ന് ഫെന്നൽ രേഖപ്പെടുത്തുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റേയും വിപണനശാസ്ത്രത്തിന്റേയും പാരിസ്ഥിതിക ശാസ്ത്രത്തിന്റേയും വീക്ഷണത്തിലൂടെ ഇക്കോടൂറിസത്തെ വിലയിരുത്താവുന്നതാണ്. ഏതെങ്കിലും ഈ മൂന്ന് കാഴ്ചപ്പാടുകളിൽ നിന്ന് വ്യത്യസ്തമായ ഒന്ന് തിരഞ്ഞെടുക്കാനാണ് അവസാനം ഡേവിഡ് ഫെന്നൽ തയ്യാറായത്. അതാകട്ടെ പ്രൊട്ടക്ഷനിസ്റ്റ് കാഴ്ചപ്പാടാണ്. ഒരുതരം സംരക്ഷണ സമീപനം. ഇക്കോടൂറിസത്തിന്റെ അടിസ്ഥാന ആശയവും പ്രൊട്ടക്ഷനിസ്റ്റാണെന്ന് നമുക്ക് തിരിച്ചറിയാവുന്നതാണ്. പ്രകൃതി സംരക്ഷണവും മനുഷ്യ സംരക്ഷണവും അതിന്റെ പ്രധാന കാര്യപരിപാടിയാണ്. എന്നാലിന്ന് ഇക്കോടൂറിസം വൻകിട ഹോട്ടലുകളിൽ നിന്നും റിസോർട്ട് കോർപ്പറേഷനുകളിൽ നിന്നും വലിയ ഭീഷണി നേരിടുകയാണ്. പണസമ്പാദനത്തിനുള്ള ഏറ്റവും സാദ്ധ്യതയുള്ള മാർഗ്ഗമായി ഇക്കോടൂറിസ്റ്റ് വ്യവസായത്തെ കാണുന്നതിന്റെ ഫലമായി അതിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾ തകർന്നുപോകുമെന്ന് ഫെന്നൽ ഭയപ്പെടുന്നു. ഇക്കോടൂറിസം സമീപഭാവിയിൽ തന്നെ മെഗാ-റിസോർട്ട് ടൂറിസമായി മാറുമെന്ന് ഫെന്നൽ ഭയപ്പെടുന്നു. പ്രകൃതി സ്നേഹികൾ ഭൂമിയുടെ അഭൗമ സമ്പത്തിനെ സംരക്ഷിക്കാൻ രൂപപ്പെടുത്തിയ കോട്ടയുടെ കൊടിമരത്തിൽ ഇനി മെഗാ റിസോർട്ട് ടൂറിസത്തിന്റെ പതാകകളാണ് പാറിക്കളിക്കാൻ പോകുന്നത് എന്നുവേണം കരുതാൻ.

പാരിസ്ഥിതിക വിനോദസഞ്ചാരമെന്ന പുതിയ പരികൽപനയെ പരിചയപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട സദാചാരപരവും, ദാർശനികവും, സാമൂഹികവുമായ കാര്യങ്ങളെ വിശദമായി പഠനവിധേയമാക്കുകയും ചെയ്യുന്നതിനാൽ ഡേവീഡ് ഫെന്നലിന്റെ പുസ്തകത്തിന് വരുംകാലങ്ങളിൽ പ്രാധാന്യം ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഒൻപത് അദ്ധ്യായങ്ങളിലായി പരന്നുകിടക്കുന്ന വിഷയങ്ങൾ എഴുത്തുകാരന്റെ പക്ഷപാതത്തെ മൃദുലമായ രീതിയിൽ മാത്രമേ പ്രകടമാക്കുന്നുള്ളൂ. ശക്തമായ നിലപാടുകളുടെ അഭാവം ഇവിടെ പ്രകടമാകുന്നുണ്ട്. വിനോദസഞ്ചാര വികസനത്തിന് ഇനിയും ഒരംഗീകൃത നിർവ്വചനം പിറവികൊണ്ടിട്ടില്ല. 'ജനങ്ങളെ സ്വഗൃഹങ്ങളിൽ നിന്ന് വിദൂരങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും അവിടുന്ന് തിരിച്ചുകൊണ്ടുവരികയും അകലെയായിരിക്കുമ്പോൾ സഞ്ചാരികൾക്ക് താമസ സൗകര്യവും, ഭക്ഷണവും ആവശ്യത്തിന് ആഹ്ലാദവും നൽകുകയും ചെയ്യുന്ന പ്രക്രിയയെ ടൂറിസം എന്നു പറയുന്നു.' ഏറ്റവും ലളിതമായ ഒരു വിനോദ സഞ്ചാര നിർവ്വചനമായി ഇതിനെ നമുക്ക് കണക്കാക്കാം. ഫെന്നലിന്റെ അഭിപ്രായത്തിൽ അഞ്ച് ഘടകങ്ങൾ സമഗ്രവും ഫലപ്രദവുമായ രീതിയിൽ ഇഴുകിച്ചേരുന്ന ഒരു പ്രവൃത്തിയാണ് ടൂറിസം. ചലനാത്മകമായ മനുഷ്യഘടകം, ഉല്പ്പാദനമേഖല, സംക്രമണ മേഖല, ലക്ഷ്യസ്ഥാനം, വ്യവസായം - ഇവയെല്ലാം ഏകാത്മകമായി ഒത്തുചേരുമ്പോൾ അത് ടൂറിസം എന്ന വ്യവസായത്തെ ഭൗതികരൂപത്തിൽ അവതരിപ്പിക്കുന്നു.

യാഥാസ്ഥിതിക വിനോദസഞ്ചാരം പ്രകൃതിയെ ധൂർത്തിന് വിധേയമാക്കുകയാണ്. അതിനാൽ കൺവെൻഷണൽ ടൂറിസം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിതുറക്കുന്നു. പ്രാദേശിക ആവശ്യങ്ങളും ആഗ്രഹങ്ങളും വൈദേശിക ആധിപത്യത്തിന് അടിപ്പെട്ടുപോകുന്നു.

ടൂറിസത്തിന്റെ ഭാഗമായി വളർന്നുവരുന്ന വൻകിട ഹോട്ടലുകളും, മെഗാ റിസോർട്ടുകളും വൈദേശിക ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. അവ എപ്പോഴും 'മെട്രോപൊളിറ്റൻ' താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു. ഇതിനാൽ പ്രാദേശിക ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാരില്ലാതെ വരുന്നു. ഇത്തരം സമീപനങ്ങൾക്ക് ടൂറിസവും പ്രാദേശിക ജീവിതവും തമ്മിലുള്ള വൈരുദ്ധ്യം തീവ്രമാകുന്നു. ജനങ്ങളെ കേന്ദ്രീകരിച്ച് മുന്നേറുന്ന ടൂറിസം പലതരം പാരിസ്ഥിതിക പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. സന്ദർശകരുടെ ആവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റി ഉപഭോക്താവിനെ സംതൃപ്തനാക്കുന്നതിലാണ് ടൂറിസത്തിന്റെ ശ്രദ്ധ. ഇതിന്റെ ഫലമായി പ്രകൃതി വിഭവങ്ങളുടേയും സാംസ്കാരിക വിഭവങ്ങളുടെയും വാണിജ്യവത്ക്കരണം സജീവമാകുന്നു. ഇത് വൻദുരന്തത്തിന് വഴിയൊരുക്കുന്നു.

ഈ ദുരന്തങ്ങൾക്കൊരു പ്രതിവിധി എന്ന നിലയ്ക്ക് കടന്നുവന്ന ചിന്ത 'ബദൽ ടൂറിസ'ത്തിന്റേതായിരുന്നു. ലാഭകേന്ദ്രീകൃതമായ, പ്രകൃതിയെ അവഗണിക്കുന്ന ടൂറിസത്തിൽ നിന്ന് പാരിസ്ഥിതിക സ്നേഹമുള്ള ഒരു ടൂറിസത്തിന്റെ അന്വേഷണമാണ് ഇക്കോടൂറിസത്തിലെത്തിയത്. 1980-ലാണ് സെബല്ലോസ് ലാസന്റിയൻ ഇക്കോടൂറിസം എന്ന വാക്ക് രൂപപ്പെടുത്തിയത്.

## നിർവ്വചനം

പിന്നീട് സെബല്ലോസ് ലാസന്റിയൻ പാരിസ്ഥിതിക വിനോദസഞ്ചാരത്തിന് ഒരു നിർവ്വചനം രൂപപ്പെടുത്തി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പഠനത്തിനോ, വിസ്മയത്തിനോ ദൃശ്യാസ്വാദനത്തിനോ വന്യസസ്യ-ജന്തു നിരീക്ഷണത്തിനോ സാംസ്ക്കാരിക ആവിഷ്ക്കാരങ്ങളുടെ കണ്ടെത്തലിനോ വേണ്ടി താരതമ്യേന സ്വച്ഛന്ദവും മാലിന്യരഹിതവുമായ പ്രകൃതി പ്രദേശങ്ങളിലേയ്ക്കുള്ള യാത്രയെ ഇക്കോടൂറിസം എന്നു നിർവ്വചിക്കാം.

1965-ൽ തന്നെ ഹെസ്റ്റർ ഇതേ ആശയം മുന്നോട്ടുവെച്ചിരുന്നു. അദ്ദേഹം ഇക്കോടൂറിസം എന്ന പദത്തെ വിനോദസഞ്ചാരികളും പരിസ്ഥിതിയും അവർ ഇടപെടുന്ന സംസ്ക്കാരങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളെ വിശദീകരിക്കാൻ ഉപയോഗിച്ചിരുന്നു.

കുറച്ചുകൂടി സമഗ്രമായ കാഴ്ച്ചപ്പാട് അവതരിപ്പിക്കുവാൻ വാലസിനും, പിയേഴ്സിനും കഴിഞ്ഞു. ഇവർ മുന്നോട്ടുവച്ച സംയുക്തമായ കാഴ്ചപ്പാട് അനുസരിച്ച് അസ്പർശ്യമായ പ്രകൃതിദൃശ്യങ്ങളിലേയ്ക്ക് പഠനത്തിനും, ആസ്വാദനത്തിനും സ്വമേധയാ ഉള്ള സഹായത്തിനുമായി ചെയ്യുന്ന യാത്രയാണ് ഇക്കോടൂറിസം. അത് ഒരു പ്രദേശത്തെ സസ്യ, ജൈവ, ഭൂഗർഭ, പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചും അവയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യരുടെ ആവശ്യങ്ങളേയും സംസ്ക്കാരത്തേയും മണ്ണുമായുള്ള അവരുടെ ബന്ധത്തേയും സംബന്ധിച്ചുള്ള വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അത് പ്രകൃതിവിഭവങ്ങളെ നമുക്കേവർക്കുമുള്ള സമ്പത്ത് എന്ന നിലയിലും ആഗോളതലത്തിലും പ്രാദേശിക തലത്തിലും പ്രത്യേകം പ്രത്യേകം പരിഗണിക്കുന്നു. സമീപവാസികൾക്ക് പ്രത്യേക സ്ഥാനം നൽകുന്നു. അത് സംരക്ഷണത്തിനും അതിജീവന വികസത്തിനും അതുവഴി അപരർക്കുവേണ്ടി വിഭവങ്ങളുടെ ഉപഭോഗത്തെ ഒഴിവാക്കലുമായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.

## ഗ്രീൻടൂറിസം

പ്രകൃതിയുടെ ഭാവഗായകനായിരുന്നു വേഡ്സ് വർത്ത്. അദ്ദേഹത്തെപ്പോലെ അനന്തവും അനന്യവുമായ പ്രകൃതിയുടെ സൗന്ദര്യം ഹൃദയത്തിൽ ഒപ്പിയെടുത്ത പല കവികളും പ്രകൃതിയുടെ പ്രണയാർത്ഥികളായിരുന്നു. ഒരു മണൽത്തരിയിൽ ലോകം മുഴുവൻ കാണാനും ഒരു വനപുഷ്പത്തിൽ സ്വർഗ്ഗത്തെ ദർശിക്കാനും, ഒരു യാമത്തിൽ അനശ്വരത അനുഭവിക്കാനും അവർക്കു കഴിഞ്ഞിരുന്നു. വേർഡ്സ് വർത്തും കീറ്റ്സും കോൾറിഡ്ജും കാർലയിനും എമേഴ്സണും ഫെന്നലിന്റെ അഭിപ്രായത്തിൽ ഇക്കോടൂറിസത്തിന്റെ പൂർവ്വസൂരികളായിരുന്നു. അമേരിക്കയിൽ എമേഴ്സൺ അവതരിപ്പിച്ച അതീന്ദ്രിയ ധ്യാനസിദ്ധാന്തം വിനോദസഞ്ചാരത്തിന്റെ ആദ്യചിന്താമുകുളങ്ങളായിരുന്നു. അത് പ്രകൃതിയുടേയും മനുഷ്യന്റേയും ആത്മീയ ദർശനശാസ്ത്രമായിരുന്നു. എമേഴ്സന്റെ സ്വാധീനഫലമായി അമേരിക്കയിലെ സാഹിത്യനായകരിൽ പ്രമുഖരായ തോറെ, മെൽവിൻ, വിറ്റ്മാൻ എന്നിവർ പ്രകൃതി സൗന്ദര്യവാദികളായി മാറി. പ്രകൃതിയിൽ ആമഗ്നനായി അമേരിക്കയിൽ ഉടനീളം തോറെ നടത്തിയ പാരിസ്ഥിതിക ബോധനം പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി അമേരിക്കക്കാരിൽ ജാഗ്രത സൃഷ്ടിക്കാൻ പര്യാപ്തമായ പ്രവൃത്തിയായിരുന്നു. ഇതിനെ സഹായിക്കുന്ന പ്രസ്ഥാന പ്രവർത്തനങ്ങളാണ് ഗ്രീൻപീസ് മൂവ്മെന്റിലും ഡീപ്പ് ഇക്കോളജി മൂവ്മെന്റിലും നടന്നത്. ഇത്തരം പ്രവർത്തനങ്ങളും ചിന്താഗതികളും വളരെ ആദർശാത്മകമായ ഇക്കോടൂറിസ്റ്റ് സങ്കൽപ്പത്തിന് അമേരിക്കയിൽ ആരംഭം കുറിക്കാൻ ഇടവരുത്തി. പക്ഷേ, ആ ചിന്താഗതികൾ പിന്നീട് തകിടംമറിക്കപ്പെട്ടു. കൺവെൻഷണൽ ടൂറിസം പ്രകൃതി സ്നേഹികളിൽ നിന്നും അവരുടെ മോഹത്തെ തട്ടിപ്പറിച്ചെടുത്തതാണ് പിൽക്കാല ചരിത്രം.

## ദാർശനിക പരിരക്ഷ

പ്രകൃതിമോഹികളുടെ വിനോദ സഞ്ചാര സങ്കൽപ്പനം യാഥാർത്ഥ്യമാകാതിരിക്കാനും കൺവെൻഷണൽ ടൂറിസം കൂടുതൽ ശക്തിപ്രാപിക്കുകയും ചെയ്തതോടെ പ്രകൃതിയുടെ മേൽനടത്തപ്പെടുന്ന അധിനിവേശങ്ങളും അക്രമങ്ങളും ജൈവലോകത്തിന്റെ ഭാവിയെത്തന്നെ അപകടപ്പെടുത്തുന്ന തരത്തിലായി. പ്രകൃതിനിരന്തരമായി കൊള്ളയടിക്കപ്പെടുകയും മലിനീകരിക്കപ്പെടുകയും ചെയ്യുകയായിരുന്നു അതിന്റെ ഫലം. നിരവധി വർഷങ്ങളായി തുടർന്നുവരുന്ന ഈ ചൂഷണത്തിന് മനുഷ്യൻ സിദ്ധാന്തപരമായ സഹായം തേടിയിട്ടുണ്ട്. മുതലാളിത്ത തത്വശാസ്ത്രവും ക്ലാസിക്കൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തവും, ക്രൈസ്തവ ദർശനവും മനുഷ്യരാശിയേയും പ്രകൃതിയേയും ധ്രുവീകരിക്കുകയാണ് ചെയ്തത്. മനുഷ്യന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിനുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യാൻ ദൈവം അനുവദിച്ചിരിക്കുന്നു എന്നാണ് ക്രൈസ്തവ ദർശനം പറയുന്നത്. ദൈവത്തിന്റെ

**ശാസ്ത്രീയ അന്വേഷണങ്ങളുടെ അത്യന്തിക ലക്ഷ്യം മനുഷ്യന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കലാണ്. സ്വാഭാവികമായും ശാസ്ത്രീയ അന്വേഷണങ്ങളും മനുഷ്യനെ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഇതെല്ലാം ഫലത്തിൽ പ്രകൃതിയെ കൊള്ളയടിക്കുന്നതിലാണ് കലാശിച്ചത്. തനിക്കറിയാൻ പാടില്ലാത്ത ഒത്തിരി കാര്യങ്ങൾ പ്രകൃതിയുടെ നിഗൂഢതകളിൽ ഗുപ്തമായിരിക്കുകയും അതു മനുഷ്യനെ ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അതിനെ മറികടക്കാനുള്ള മനുഷ്യന്റെ ആഗ്രഹം പ്രകൃതിയുടെ മേൽ ആധിപത്യം ചെലുത്തലായി കലാശിക്കുകയായിരുന്നു.**

ഇച്ഛ അതാണെന്ന് അവർ ഉദ്ബോധിപ്പിക്കുന്നു. മുതലാളിത്തത്തിന്റേയും, കമ്മ്യൂണിസത്തിന്റേയും ക്ലാസ്സിക്കൽ വിചാരധാര മനുഷ്യകേന്ദ്രീകൃതമാണ്. അതുകൊണ്ട് ആ സിദ്ധാന്തങ്ങളും, ഈ വിഷയത്തിൽ ക്രൈസ്തവദർശനത്തെ സഹായിക്കുകയാണ് ചെയ്തത്. ശാസ്ത്രീയ അന്വേഷണങ്ങളുടെ അത്യന്തിക ലക്ഷ്യം മനുഷ്യന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കലാണ്. സ്വാഭാവികമായും ശാസ്ത്രീയ അന്വേഷണങ്ങളും മനുഷ്യനെ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഇതെല്ലാം ഫലത്തിൽ പ്രകൃതിയെ കൊള്ളയടിക്കുന്നതിലാണ് കലാശിച്ചത്. പ്രകൃതിയുടെ മേൽ മനുഷ്യൻ നേടിയ ആധിപത്യത്തിന് മറ്റൊരു കാരണം കൂടി ഫെന്നൽ ചൂണ്ടിക്കാട്ടുന്നുണ്ട്. അജ്ഞാതമായതിനെ കരുതിയുള്ള ഭയം. തനിക്കറിയാൻ പാടില്ലാത്ത ഒത്തിരി കാര്യങ്ങൾ പ്രകൃതിയുടെ നിഗൂഢതകളിൽ ഗുപ്തമായിരിക്കുകയും അതു മനുഷ്യനെ ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അതിനെ മറികടക്കാനുള്ള മനുഷ്യന്റെ ആഗ്രഹം പ്രകൃതിയുടെ മേൽ ആധിപത്യം ചെലുത്തലായി കലാശിക്കുകയായിരുന്നു.

ഇക്കോടൂറിസത്തെക്കുറിച്ചുള്ള ചിന്താപദ്ധതി തന്നെ ഇന്ന് വൈരുദ്ധ്യം നിറഞ്ഞതായി മാറിയിരിക്കുന്നു. ഒന്ന് ജൈവകേന്ദ്രീകൃതമായ ലോകം. മറ്റൊന്ന് മനുഷ്യകേന്ദ്രീകൃതമായ ലോകം. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കോടൂറിസത്തിന്റെ പദ്ധതികളിൽ രണ്ടു മാതൃകകളാണ് ഉയർന്നു വന്നത്. അതിലൊന്ന് മനുഷ്യകേന്ദ്രീകൃതവും മറ്റൊന്ന് ജൈവകേന്ദ്രീകൃതവുമായിരുന്നു. ഈ ചിന്താധാരകൾ രണ്ടുതരം ലോകങ്ങൾ സൃഷ്ടിക്കുന്നു. പാശ്ചാത്യചിന്തയുടെ ലോകകാഴ്ചപ്പാടാണ് ആന്ത്രപ്പോസെൻട്രിസത്തിലൂടെ വെളിപ്പെടുന്നത്. ഈ മാതൃക അനുസരിച്ച് പ്രകൃതിയെ വിലയിരുത്തേണ്ടത് മനുഷ്യൻ സൃഷ്ടിച്ച മൂല്യങ്ങൾ കൊണ്ടാണ്. അതിന്റെ അർത്ഥം പ്രകൃതിയുടെ രൂപവും ധർമ്മവും തീരുമാനിക്കുന്നത്. മനുഷ്യനാണെന്നാണ്. പ്രകൃതി എങ്ങിനെയായിരിക്കണം എന്ന് മനുഷ്യൻ തീരുമാനിക്കും. ഈ കാഴ്ചപ്പാട് മനുഷ്യകേന്ദ്രീകൃതവും പ്രകൃതിവിരുദ്ധവുമാണ്. ഇതിൽനിന്നും വേറിട്ടതും മനുഷ്യന് അമിതപ്രാധാന്യം നൽകാത്തതുമായ ഒന്നാണ് ജൈവകേന്ദ്രീകൃതമായ കാഴ്ചപ്പാട് അഥവാ 'ബയോസെൻട്രിസം'. ഏകാത്മകമായ ഒരു ആഗോള കാഴ്ചപ്പാടായി നമുക്കിതിനെ കാണാം. ജൈവമണ്ഡലത്തിൽ എല്ലാ ജീവജാലങ്ങൾക്കും നിലനിൽക്കാനുള്ള അവകാശം തുല്യമാണെന്ന ദർശനമാണ് ബയോസെൻട്രിസം നൽകുന്നത്. നൈസർഗ്ഗിക മൂല്യങ്ങളുടെ കാര്യത്തിൽ എല്ലാം തുല്യമാണെന്ന് ഈ സിദ്ധാന്തം പറയുന്നു. ഉത്തരവാദിത്വപൂർണ്ണമായ ഉപയോഗം പ്രകൃതിവിഭവങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് ഉന്നതമായ മൂല്യങ്ങളാണ് ബയോസെൻട്രിസം കൽപിച്ചിരിക്കുന്നത്.

## സാംസ്കാരിക വ്യഭിചാരം

ടൂറിസത്തിന്റെ കെട്ടുകാഴ്ചയിൽ സദാചാരവിരുദ്ധവും പ്രകൃതി വിരുദ്ധവുമായ കാര്യങ്ങൾ അരങ്ങേറുകയും ജനങ്ങളുടെ സാംസ്കാരിക മൂല്യങ്ങൾ വികലമാക്കപ്പെടുകയും ചെയ്യുന്നു. സമ്പന്നരാജ്യങ്ങളിൽനിന്നും ദരിദ്രരാജ്യങ്ങളുടെ പ്രകൃതി സൗന്ദര്യത്തിലേയ്ക്കും ചരിത്രപാരമ്പര്യങ്ങളിലേയ്ക്കും തനതു കലാരൂപങ്ങളിലേയ്ക്കും പൈതൃകങ്ങളിലേയ്ക്കും കടന്നുകയറുന്ന ടൂറിസം മൂന്നാം ലോകരാജ്യങ്ങളുടെ തനിമയെപ്പോലും തകർത്ത് തരിപ്പണമാക്കുകയാണ്. വിശക്കുന്നവന്റെ മൂല്യങ്ങളെ എളുപ്പത്തിൽ അട്ടിമറിക്കാമെന്ന സിദ്ധാന്തമനുസരിച്ചാണ് ഈ കടന്നുകയറ്റം സാദ്ധ്യമാക്കുന്നത്. എബ്രഹാം മാസ്‌ലോ പറഞ്ഞത് മനുഷ്യന്റെ പ്രവർത്തനങ്ങൾ അവന്റെ ആവശ്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ്. ഏറ്റവും ശക്തമായ ആവശ്യങ്ങൾ ആദ്യം നിറവേറ്റാൻ അവൻ ആഗ്രഹിക്കുന്നു. ഈ വിപണന തത്വശാസ്ത്രത്തെ കുറച്ചുകൂടി ഭംഗിയായി അവതരിപ്പിക്കുവാൻ ബർത്തോൾഡ് ബ്രെഹ്റ്റിന്റെ ഒരു വചനം ഫെന്നൽ കടംകൊള്ളുന്നുണ്ട്. ബ്രെഹ്റ്റ് ഒരിക്കൽ പറയുകയുണ്ടായി ; ആദ്യം ആഹാരം ; ശേഷം സദാചാരം. ഈ അവസ്ഥയാണ് ഇക്കോ ടൂറിസം ഇന്ന് അഭിമുഖീകരിക്കുന്നതെന്നാണ് ഫെന്നലിന്റെ അഭിപ്രായം. പണമുണ്ടാക്കുന്നതിനുവേണ്ടി ടൂറിസ വ്യവസായം വളർന്നു വികസിക്കാൻ അനുവദിക്കുമ്പോൾ പ്രാദേശിക ജനതയുടെ സാംസ്കാരിക മൂല്യങ്ങളും അവരുടെ ജീവിതവും അവരിൽനിന്ന് കൊള്ളയടിക്കപ്പെടുന്നു.

ടൂറിസ വ്യവസായം ഏറ്റവും കൂടുതൽ സമ്മർദ്ദം ചെലുത്തുന്ന പ്രദേശത്തെ ജനങ്ങൾ ടൂറിസത്തെ അവജ്ഞയോടുകൂടിയാണ് വീക്ഷിക്കുന്നത്. ഹവായിയിൽ നിന്നെത്തിയ ഒരു പ്രതിനിധി ഇന്റർനാഷണൽ ടൂറിസം കോൺഫ്രൻസിൽ ടൂറിസത്തോടുള്ള വെറുപ്പ് സഹിക്കനാകാതെ പൊട്ടിത്തെറിച്ചത് ഫെന്നൽ രേഖപ്പെടുത്തുന്നുണ്ട്. ഹവായ് പ്രതിനിധി പറഞ്ഞതിതാണ് : 'ഞങ്ങൾക്ക് ടൂറിസം വേണ്ട. ഞങ്ങൾക്ക് അടിമകളും ആട്ടക്കാരും ആകേണ്ട, ഇത് സാംസ്കാരിക വ്യഭിചാരമാണ്. നിങ്ങളെ ഞങ്ങൾക്കു വേണ്ട, നിങ്ങളിൽ ഒരാളെപ്പോലും ഹവായിയിൽ കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിഷ്കളങ്കനായ ടൂറിസ്റ്റിനെ ലോകത്തൊരിടത്തും കാണാനാകില്ല'. എല്ലാ ടൂറിസ്റ്റുകളും പ്രാദേശിക സാംസ്കാരത്തെ അട്ടിമറിക്കുന്നവരും കൊള്ളയടിക്കുന്നവരുമാണ്. ടൂറിസ്റ്റ് വ്യവസായത്തിന്റെ കെടുതികൾപ്പെട്ടുപോയ ഒരു ജനസമൂഹത്തിന്റെ കലുഷമായ പ്രതിഷേധമാണ് ഈ വാക്കുകളിൽ കത്തിനിൽക്കു

ന്നത്. എന്നാൽ, ഈ ജനകീയ ക്ഷോഭത്തെ വേണ്ടത്ര പരിഗണിക്കാൻ ഫെന്നൽ ആഗ്രഹിക്കുന്നില്ല. ഫെന്നലിന്റെ അഭിപ്രായത്തിൽ സാമൂഹ്യകേന്ദ്രീകൃതമായ ഒരു സദാചാര പ്രശ്നം മാത്രമാണിത്. ഹവായിയിൽ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിട്ടാണ് ടൂറിസ വ്യവസായത്തെ അദ്ദേഹം വിലയിരുത്തുന്നത്. ഹവായിയിൽ ജനതയുടെ സാംസ്കാരിക മൂല്യങ്ങള പരിക്കില്ലാതെ സൂക്ഷിക്കുന്നത് നല്ലതാണ് എന്ന് ഫെന്നൽ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അതിനുവേണ്ടി ടൂറിസത്തെ ഉപേക്ഷിക്കണമെന്ന് അദ്ദേഹത്തിന് അഭിപ്രായമില്ല. ഏറിയാൽ ഒരു സംതുലനാവസ്ഥ. അതിനപ്പുറത്തേയ്ക്ക് ഫെന്നൽ ആഗ്രഹിക്കുന്നില്ല. ഇവിടെ അദ്ദേഹത്തിന്റെ പ്രതിബദ്ധത താൻ പ്രതിനിധാനം ചെയ്യുന്ന മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതിയോടാണെന്ന് വളച്ചുകെട്ടില്ലാതെ വ്യക്തമാക്കപ്പെടുന്നു.



## ഇക്കോസിസ്റ്റം മാനേജ്മെൻറ്

ഇക്കോടൂറിസത്തിന്റെ ഒരു സവിശേഷതയാണ് ഇക്കോസിസ്റ്റം മാനേജ്മെൻറ്. സംരക്ഷിത പരിസ്ഥിതി മേഖകളിൽ നിലനിൽക്കുന്ന ജൈവലോകത്തെ കാര്യക്ഷമമമായ രീതിയിൽ മാനേജ് ചെയ്യുന്ന സംവിധാനമാണ് ഇക്കോസിസ്റ്റം മാനേജ്മെൻറ്. 1994-ലെ കണക്കനുസരിച്ച് സാർവ്വദേശീയമൂല്യമുള്ള, അസാധാരണത്വം പുലർത്തുന്ന, പ്രകൃതിരമണീയമായ, സാംസ്കാരിക പ്രത്യേകമുള്ള ഏതാണ്ട് 350 സ്ഥലങ്ങളാണ് ആഗോളതലത്തിലിപ്പോഴുള്ളത്. സംരക്ഷിത മേഖലയുടെ ഫ്രെയിമിലാണ് ഇവ നിലനിൽക്കുന്നത്. ഒരാൾക്ക് പ്രകൃതി സംരക്ഷണം സാദ്ധ്യമാകണമെങ്കിൽ അത്തരമൊരു സൈറ്റിൽ നിലനിൽക്കുന്ന ബന്ധങ്ങളേയും പ്രക്രിയകളേയും കുറിച്ച് ശാസ്ത്രീയമായ അറിവ് ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള അന്വേഷമാണ് ഇക്കോസിസ്റ്റം മാനേജ്മെൻറിലേയ്ക്ക് കാര്യങ്ങളെ കൊണ്ടുപോയത്. ജൈവവൈവിദ്ധ്യ പ്രതിസന്ധിയും പുതിയ പാരിസ്ഥിതിക സിദ്ധാന്തങ്ങളും ഗവൺമെൻറ് നിയന്ത്രണത്തോടുള്ള അസംതൃപ്തിയും ഇതിലേക്കെത്താൻ ഏറെ സഹായിച്ചു. പാരിസ്ഥിതികമായ അതിജീവനം സാദ്ധ്യമാകണമെങ്കിൽ അതിനനുസൃതമായി സാമൂഹ്യമാറ്റം വേണ്ടിവരുമെന്ന് ചിന്തിക്കാൻ ജനങ്ങൾ പ്രേരിതമായി. സംരക്ഷിത മേഖലയ്ക്ക് അകത്തും പുറത്തുമുള്ള നാച്വറൽ ലാന്റ്സ്കേപ്പുകളുടേയും പാരിസ്ഥിതിക പ്രക്രിയകളുടേയും വൈൽഡ് ലൈഫ് സ്പീഷിസിന്റേയും മനുഷ്യരുടേയും പ്രവർത്തനങ്ങളെ സമഗ്രമായി ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇക്കോസിസ്റ്റം മാനേജ്മെൻറ്.

ഹ്യൂമൻ ഇക്കോളജിയും ടൂറിസവും തമ്മിലുള്ള ബന്ധം വളരെ പ്രസക്തവും പ്രധാനപ്പെട്ടതുമാണെങ്കിലും അതിനെക്കുറിച്ചുള്ള പഠനം വളരെക്കുറച്ചു മാത്രമേ നടന്നിട്ടുള്ളൂ. പരിസ്ഥിതിയിൽ മനുഷ്യനുള്ള പങ്കിനെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ദാർശനികപ്രശ്നങ്ങളെക്കുറിച്ചും ഫലപ്രദമായ പര്യവേഷണം സാദ്ധ്യമാകുന്നത് കൺസർവേഷനിലൂടെയും പ്രസർവേഷനിലൂടെയുമാണെന്ന് ഫെന്നൽ രേഖപ്പെടുത്തുന്നു. കാനഡയിലും മറ്റു രാജ്യങ്ങളിലും രൂപീകരിച്ചിട്ടുള്ള പാർക്കുകൾ മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ടെസ്റ്റ് സൈറ്റുകളാണ്. ഉപയോഗവും സംരക്ഷണവും തമ്മിലുള്ള സംതുലനം സൃഷ്ടിക്കുവാൻ നമുക്ക് പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ മൂല്യങ്ങൾ മറ്റു ജൈവലോകങ്ങളിലാണ് കുടികൊള്ളുന്നതെന്ന വസ്തുത ഇക്കോസിസ്റ്റം മാനേജ്മെന്റ് കണ്ടെത്തുന്നു. ഹ്യൂമൻ ഇക്കോളജിയിലും ഇക്കോസിസ്റ്റം മാനേജ്മെൻറിലും മുന്നോട്ടുവച്ചിട്ടുള്ള തത്വങ്ങൾ പ്രകൃതിയിൽ മനുഷ്യനുള്ള സ്ഥാനം മനസ്സിലാക്കുവാൻ നമ്മെ ഏറെ സഹായിക്കുന്നു.

ഈ മേഖലയിൽ നടന്ന അന്വേഷണങ്ങൾ ഇക്കോടൂറിസത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ സഹായിച്ചു. 1992-ലെ റിയോ ഭൗമ ഉച്ചകോടിയിൽ ടൂറിസത്തിന്റെ ഉപയുക്താ സദാചാരത്തിന് പ്രാധാന്യം ലഭിച്ചു. പണ്ട് ടൂറിസം എത്തിക്സ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റുമായി ബന്ധപ്പെട്ടാണ് പരാമർശിക്കപ്പെട്ടിരുന്നത്. വാണിജ്യത്തിന്റേയും സേവനത്തിന്റേയും ബന്ധങ്ങൾ അന്വേഷിക്കാൻ ആരംഭിച്ചതോടുകൂടി ഉപയുക്തതാ സദാചാരത്തിന് (യൂട്ടിലിറ്റി എത്തിക്സിന്) പ്രസക്തി ഉണ്ടാവുകയാണ് ചെയ്തത്. ഇതിനെ അടിസ്ഥാനമാക്കി നിരവധി ഗവേഷണങ്ങൾ നടന്നു. അതിന്റെ ഫലമായി രൂപംകൊണ്ടതാണ് II QUEST (International Institute for Quality and Ethics in Service and Tourism). II QUESTന്റെ ഗവേഷണ വിഷയങ്ങളിൽ പ്രധാനമായത് സദാചാര പ്രശ്നങ്ങളും സാമൂഹ്യബന്ധങ്ങളും ലൈംഗിക പീഡനങ്ങൾ പോലെയുള്ള വിഷയങ്ങളും എങ്ങിനെ കൈകാര്യം ചെയ്യാമെന്നതാണ്. ടൂറിസവ്യവസായത്തിൽ കടന്നുവരുന്ന എല്ലാ സദാചാര പ്രശ്നങ്ങളേയും അത് പഠനത്തിന് വിധേയമാക്കുന്നുണ്ട്.

## സോഷ്യൽ ഹോളിസം

കച്ചവടത്തിന്റെ പ്രവർത്തനതത്വം ലാഭനിർമ്മിതിയാണ്. സാമൂഹ്യ നയങ്ങളിലും തന്ത്രങ്ങളിലും താൽപര്യമെടുക്കാൻ കച്ചവടം ഉത്തരവാദിത്വം കാട്ടാറില്ല. കച്ചവടത്തിന്റെ ഈ അപമാനവികാവസ്ഥ ടൂറിസത്തിൽ അനുവർത്തിക്കരുതെന്നാണ് വാലെയെ ഉദ്ധരിച്ചുകൊണ്ട് ഫെന്നൽ പറയുന്നത്. കാരണം ടൂറിസത്തെ ഒരു പൊതുധാരാ വ്യവസായമായി കാണാനാവില്ല. ടൂറിസം പരിസ്ഥിതിയിലും സമൂഹത്തിലും സാംസ്കാരിക സമ്പ്രദായത്തിലും അസാധാര

ണമായ സ്വാധീനം സൃഷ്ടിക്കുന്നു. അതിനാൽ മനുഷ്യജീവിതത്തിലും പ്രകൃതിയുടെ സന്തുലനാവസ്ഥയിലും അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാവുന്നു. തൽഫലമായി മനുഷ്യനും മറ്റു ജൈവലോകവും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യമാണ് ഇവിടെ മുഖ്യവിഷയമായി വരുന്നത്. അതിനാൽ വിശാലവും വിവിധമാന സ്വഭാവമുള്ളതുമായ ഒരു ഹോളിസ്റ്റിക്ക് ഓറിയന്റേഷനാണ് ആവശ്യമെന്ന് ഫെന്നൽ സൂചിപ്പിക്കുന്നു. സമകാലീന കച്ചവട സദാചാരം അത്തരം ഒരു സമഗ്രമായ കാഴ്ചപ്പാട് സ്വീകരിക്കാൻ തയ്യാറല്ല. ചരിത്രപരമായി കച്ചവടം കേന്ദ്രീകരിക്കുന്നത് സംഘടനയിലും ഉപഭോക്താവിലുമാണ്. നിർമ്മാതാവിനും ഉപഭോക്താവിനും ഉണ്ടാകുന്ന പ്രശ്നങ്ങൾക്കപ്പുറം ഒരു മൂന്നാംകക്ഷിയ്ക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിൽ കച്ചവടത്തിനു താൽപര്യമില്ല. മൂല്യാധിഷ്ഠിത സമൂഹത്തെ സംബന്ധിച്ചിടത്തോളം ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെടുകയും ചരാചരങ്ങൾക്കും ജീവജാലങ്ങൾക്കും അവയുടെ അർഹതപ്പെട്ട അവസ്ഥ (അവയുടെ തലത്തിൽനിന്നുള്ള) അംഗീകരിക്കപ്പെടുകയും അങ്ങനെ ഏകാത്മകമായ ഘടനയിൽ മനുഷ്യന് സ്വന്തം സാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയുകയും ചെയ്യുന്ന സമഗ്രതയാണ് സോഷ്യൽ ഹോളിസം.

ജീവിതത്തെക്കുറിച്ചുള്ള ഒരു സമഗ്ര സങ്കൽപമാണ് ഹോളിസം. മനുഷ്യനും പ്രകൃതിയും സർവ്വചരാചരങ്ങളും ഏകാത്മക ഭാവത്തിൽ വർത്തിക്കുന്ന ഒരു ജീവിത വ്യവസ്ഥയുടെ മഹത്തായ സങ്കൽപമാണ് അത്. ഇങ്ങനെയുള്ള ഒന്നിലേയ്ക്ക് എത്തിച്ചേരുക എന്നത് ഇക്കോടൂറിസത്തിന്റെ അതിവിദൂരമായ സ്വപ്നമാണ്. അതിന് മൂന്ന് സങ്കീർണ്ണമായ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടത് ആവശ്യമാണെന്ന് ഇക്കോടൂറിസം വിഭാവനം ചെയ്യുന്നു. അതിൽ ആദ്യത്തേത് വിപണന കേന്ദ്രീകൃതമായ ഇക്കോടൂറിസ സംസ്ക്കാരമാണ്. മുതലാളിത്ത ദർശനത്തിന്റെ ഒരു പ്രത്യേകതലത്തിൽ രൂപപ്പെട്ട വിപണന സംസ്കാരത്തിന് നൽകാൻ കഴിയുന്ന ജീവിതബോധവും മൂല്യബോധവും സമഗ്രജീവിതത്തിന്റെ മുന്നൊരുക്കമായിട്ടാണ് കാണുന്നത്. രണ്ടാമത്തേത് ബ്യൂറോക്രസി സൃഷ്ടിക്കുന്ന സാമൂഹ്യ ചുറ്റുപാടിൽ രൂപപ്പെട്ടുവരുന്ന ടൂറിസ സംസ്ക്കാരമാണ്. മൂന്നാമത്തേത് മൂല്യാധിഷ്ഠിത ടൂറിസ സംസ്കൃതിയാണ്. ഇതിനാണ് യഥാർത്ഥത്തിൽ ഒരു ജീവിത വീക്ഷണം പ്രധാനം ചെയ്യാൻ കഴിയുന്നത്. ഇക്കോടൂറിസത്തിന്റെ വക്താക്കളുടെ അഭിപ്രായത്തിൽ ഈ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ പാരിസ്ഥിതികമായ ഒരു മൂല്യലോകത്തിന് എത്തിച്ചേരാൻ കഴിയും. പ്രകൃതിയുടെ ആവസവ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് മനുഷ്യന്റെ ജീവിതവികാസങ്ങൾ സാധ്യമാകുന്ന ഒരു ജീവിത പരിസരമാണ് അതുവഴി സൃഷ്ടിക്കപ്പെടുന്നത്. ഫെന്നലും മല്ലോയും നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന ആശയമിതാണ്.

യഥാർത്ഥത്തിൽ ഹോളിസത്തിലേക്കുള്ള സഞ്ചാരത്തിൽ ആദ്യമെത്തുന്ന കടവ് വിപണന സംസ്കൃതിയുടേതാണ്. അതിൽ മുതലാളിത്ത സ്വതന്ത്രവിപണിയുടെ മൂല്യങ്ങളാണ് പൂത്തുലയുന്നത്. അതിനാൽ മാനവികമൂല്യങ്ങൾക്കും പ്രകൃതിക്കും കാര്യമായ പരിഗണനകൾ ലഭിക്കുന്നില്ല. ഇതിൽനിന്നുള്ള ഒരു മുന്നേറ്റമാണ് സാമൂഹ്യപരതയുടെ ഉദ്യോഗസ്ഥ സംസ്കൃതി (സോഷ്യോ ബ്യൂറോക്രാറ്റിക് കൾച്ചർ). ഈ ഘട്ടത്തിൽ ഉപയുക്തതാമൂല്യങ്ങൾക്കാണ് പ്രാമുഖ്യം. അങ്ങനെ സ്വതന്ത്രവിപണിയുടേയും ഉപയുക്തതാമൂല്യങ്ങളുടേയും ലോകങ്ങളെ കടന്നാണ് മൂല്യാധിഷ്ഠിതമായ സംസ്കൃതിയിൽ നാമെത്തിച്ചേരുന്നത്. അവിടെ എത്തുമ്പോൾ പാരിസ്ഥിതിക മൂല്യങ്ങൾക്ക് അർഹമായ പ്രാധാന്യം ലഭിക്കുന്നു. പ്രകൃതിക്കും മനുഷ്യനും സർവ്വചരാചരങ്ങൾക്കും അർഹമായ പരിഗണനകൾ ലഭിക്കുന്ന അതീവസുന്ദരമായ ഒരു ജീവിതവ്യവസ്ഥയാണ് അത്. പരിസ്ഥിതിയേയും മനുഷ്യനേയും തിരിച്ചറിഞ്ഞും ഓരോന്നിനും അനുവദിക്കപ്പെട്ട പരിഗണനകൾ നൽകിയും അവ തമ്മിലുള്ള പാരസ്പര്യ സംതുലനം പരിപാലിച്ചും ജീവിതത്തിന്റെ മഹത്തായ ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്ന ഒരു സമഗ്രജീവിത വ്യവസ്ഥയുടെ പരികൽപന സോഷ്യൽ ഹോളിസത്തിലടങ്ങിയിട്ടുണ്ട്.

(അവലംബം/കടപ്പാട് : ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം/പഠനം-എം.എൻ. പിയേഴ്സൺ, കറന്റ് ബുക്സ്, കോട്ടയം. 85 രൂപ / പേജ് 198)

എൻ.എം. പിയേഴ്സൺ, 0484 2443065

# പഞ്ചായത്തുകൾക്ക് ഷാപ്പ് പൂട്ടിക്കാം

അഡ്വ. ജോർജ്ജ്കുട്ടി കടപ്ലാക്കൽ

**പഞ്ചായത്തുകൾക്ക് ഷാപ്പ് പൂട്ടിക്കാം**

1994-ലെ പഞ്ചായത്ത്രാജ് നിയമത്തിൽ 232-ാം വകുപ്പ് 2, 3, 4 വകുപ്പുകൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ എവിടെയെങ്കിലും ഒരു മദ്യഷാപ്പ് സ്ഥാപിക്കുന്നതിന് പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ അനുമതി ആവശ്യമായിരുന്നു. എന്നാല് 24-3-1999 മുതൽ പ്രാബല്യത്തിൽ വന്ന ഒരു ഭേദഗതിയുടെ 232-ാം വകുപ്പിലെ 2, 3, 4 ഉപവകുപ്പുകൾ സർക്കാർ റദ്ദ് ചെയ്യുകയുണ്ടായി. അതോടെ മദ്യഷാപ്പുകളുടെ മേൽ ഗ്രാമപഞ്ചായത്തിനുണ്ടായിരുന്ന അധികാരം ഇല്ലാതായി. അതിനെതിരെ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും പ്രവർത്തകരും രംഗത്ത് വരികയും പ്രസ്തുത വകുപ്പുകൾ പുനഃസ്ഥാപിക്കണമെന്നവശ്യപ്പെട്ട് സമരപ്രചാരണ പരിപാടികൾ നടത്തിയിരുന്നു. എങ്കിലും ഒരു ഗവൺമെന്റും അപ്രകാരമൊരു നടപടി സ്വീകരിക്കുവാൻ തയ്യാറായില്ല. എന്നാൽ 20-9-2007 ൽ ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായരും ജസ്റ്റിസ് റ്റി.ആർ. രാമചന്ദ്രൻ നായരും ചേർന്ന് പുറപ്പെടുവിച്ച ഒരു സുപ്രധാന വിധിന്യായത്തിൽ 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 2, 3, 4 വകുപ്പുകൾ നീക്കം ചെയ്തുവെങ്കിലും ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മദ്യഷോപ്പ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് സമ്പാദിച്ചിരിക്കണമെന്ന് അസന്നിദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്.

231(1)-ാം ഉപവകുപ്പും 1996 ലെ ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ 3-ാം ചട്ടമനുസരിച്ചുള്ള പട്ടികയിൽ 139-ാം വിവരണവും പരിഗണിച്ചാണ് കോടതി ഇപ്രകാരം വിധി പ്രസ്താവിച്ചത്. 232 (1) വകുപ്പനുസരിച്ച് മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് ആവശ്യമാണ്. 3-ാം ചട്ടമനുസരിച്ച് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ വിവരണത്തിൽ 139-ാമതായി 'അബ്കാരി ഷാപ്പുകൾ സംഭരണവും വിൽപനയും നടത്തൽ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.